പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*373 — 26.06.2013-ൽ മറുപടിക്ക്.

## ബാലവേല വിമുക്ത സംസ്ഥാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) കേരളത്തെ ബാലവേല വിമുക്ത സംസ്ഥാനമാക്കി പ്രഖ്യാപിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>ബി) ബാലവേല നിരോധിക്കുന്നതിന്റെ ഭാഗമായി താലൂക്കടിസ്ഥാനത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ ആരെയെല്ലാം ഉൾപ്പെടുത്തിയാണ് പ്രസ്തുത ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ; | (എ) (ബി) & (സി) കേരളത്തിൽ എല്ലാ തൊഴിൽ മേഖലകളിലും ബാലവേല നിരോധിച്ചിട്ടുണ്ട്. ബാലവേല തടയുന്നതിനായി അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ചൈൽഡ് ലേബർ ആക്ടനുസരിച്ചുള്ള വ്യക്തിഗത പരിശോധനകളും, സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു. കൂടാതെ ചൈൽഡ്‌ലൈൻ പ്രവർത്തകരുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും വ്യവസായ മേഖലകളും ബാലവേല കണ്ടെത്താൻ സാധ്യതയുള്ള അന്യ സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന മേഖലകളും കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നു. 24 മണിക്കൂർ ഹെൽപ്പ് ലൈൻ നമ്പർ പ്രവർത്തിക്കുന്നു. പൊതുസ്ഥലങ്ങളിൽ ബാലവേല തടയുന്നതുമായി ബന്ധപ്പെട്ട് പൊതുജന ബോധവൽക്കരണം ലക്ഷ്യമാക്കി ഫ്ളക്സ് ബോർഡുകളും, സ്റ്റിക്കറുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരമുള്ള കോർ കമ്മിറ്റി ഓൺ ചൈൽഡ് ലേബറും സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് ബാലവേല വിരുദ്ധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. എല്ലാ മേഖലകളിലുമുള്ള ബാലവേല തടയുന്നതിന് മാധ്യമങ്ങൾ വഴിയും ലഘുലേഖകൾ വഴിയും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| (ഡി) ജീവിക്കാൻ നിവൃത്തിയില്ലാതെ ബാലവേലയ്ക്കെത്തുന്ന കുട്ടികളെ എങ്ങനെയാണ് പുനരധിവസിപ്പിക്കാനുദ്ദേശിക്കുന്നത് ? | (ഡി) കുട്ടികൾ ജോലി ചെയ്യുന്നതായി കാണുന്ന അവസരങ്ങളിൽ ചൈൽഡ് ലൈനിന്റെ സഹായത്തോടുകൂടി കുട്ടികളുടെ പുനരധിവാസത്തിനായി 2000 ലെ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ കരുതലും |

സംരക്ഷണവും) നിയമാനുസൃതം രൂപീകരിച്ചിട്ടുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റിയ്ക്ക് കുട്ടികളെ കൈമാറുകയാണ് ചെയ്യുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസസ് ഹോമുകളിലാണ് ബാലവേലയിലേർപ്പെടുന്ന 18 വയസ്സിനു താഴെ പ്രായമായ കുട്ടികളെ പുനരധിവസിപ്പിക്കുന്നത്. കൂടാതെ 'fit institution' ആയി സാമൂഹ്യനീതി വകുപ്പ് സാക്ഷ്യപ്പെടുത്തിയ സന്നദ്ധസംഘടനകൾ നടത്തുന്ന പുനരധിവാസകേന്ദ്രങ്ങളിലും, 'fit person' ആയി സാക്ഷ്യപ്പെടുത്തിയ വ്യക്തികളുടെ സംരക്ഷണത്തിൽ കുട്ടികളെ പുനരധിവസിപ്പിക്കുന്നു. പുനരധിവാസ പദ്ധതികൾ എല്ലാം സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ആഫീസർ.